# നമ്മുടെ തുരുപ്പ് ഒരു ഗുലാനായെങ്കിൽ...

ഡോ. നന്ദകുമാർ ചാണയിൽ

എന്തുകൊണ്ടും ചരിത്രത്തിൽ സ്ഥാനം പിടിച്ച ഒരമേരിക്കൻ പൊതുതിരഞ്ഞെടുപ്പായിരുന്നു 2016 നവംബർ എട്ടിനു നടന്നത്. പുനരാവർത്തനം കൊണ്ടു കേട്ടു പഴകിയതെങ്കിലും, പുതുമ നശിക്കാത്തൊരു ചോദ്യമാണ്, 'പേരിലെന്തിരിക്കുന്നു' എന്നുള്ളത്. ഷേക്സ്പിയറിന്റെ വിശ്വവിഖ്യാതമായ 'റോമിയോ ആന്റ് ജൂലിയറ്റ്' എന്ന നാടകത്തിൽ (ആക്റ്റ് II, സീൻ 2, പേജ് 2) നായിക നായകനോടു പറയുന്ന 'വാട്ട്സ് ഇൻ എ നെയിം? ദാറ്റ് വിച്ച് വി കോൾ എ റോസ് ബൈ എനി അദർ നെയിം വുഡ് സ്മെൽ ആസ് സ്വീറ്റ്...' പ്രചുരപ്രചാരം ലഭിച്ചൊരു ഉദ്ധരണിയാണല്ലോ. കുട്ടികൾക്കു പേരിടുമ്പോൾ മാതാപിതാക്കൾ ഭാവി അറിയാതെയാണെങ്കിലും ശുഭാപ്തിവിശ്വാസത്തോടെയാണല്ലോ ആ സൽക്കർമ്മം നടത്തുന്നത്. ഭാവി പ്രവചനാതീതമെന്ന പോലെത്തന്നെ ഫലപ്രാപ്തിയും. അങ്ങനെയാണല്ലോ ചില നാമധാരികൾ പേരിന് അന്വർത്ഥരായും മറ്റു ചിലർ കടകവിരുദ്ധരായും പരിണമിക്കുന്നത്. ഉദാഹരണമായി: വൈരൂപ്യമുള്ള 'സുന്ദരൻ', നുണ മാത്രം പറയുന്ന 'സത്യശീലൻ', അക്ഷമയായ 'ക്ഷമാവതി', കോങ്കണ്ണുള്ള 'വിശാലാക്ഷി', ചിരിക്കാതെ മുഖം വീർപ്പിച്ചിരിക്കുന്ന 'സുഹാസിനി' തുടങ്ങി 'വിദ്യാസാഗർ', 'വിനയൻ', 'സുഭാഷിണി', 'മോഹനൻ' എന്നിങ്ങനെ പോകുന്നു പേരുകളുടെ നിര. അങ്ങനെ നോക്കുമ്പോൾ നമ്മുടെ നാല്പത്തഞ്ചാമത്തെ പ്രസിഡന്റാകാൻ പോകുന്ന ശ്രീമാൻ തുരുപ്പ് ('ട്രംപ്') പ്രൈമറിയിൽ നാലും അഞ്ചുമല്ല, പതിനാറ് എതിരാളികളേയും 'വെട്ടിനിരപ്പാക്കിയ' തുരുപ്പുശീട്ടു തന്നെ, സംശയമില്ല. അദ്ദേഹത്തിന്റെ മാതാപിതാക്കൾ പരലോകത്തിരുന്നു സന്തോഷാശ്രുക്കൾ പൊഴിക്കുന്നുണ്ടാകാം.

ഈ തിരഞ്ഞെടുപ്പിൽ രണ്ടു സ്ഥാനാർത്ഥികളിൽ (മുഖ്യപാർട്ടികൾ) ചില പ്രത്യേക സവിശേഷതകളാൽ, ആരു ജയിച്ചാലും അതു ചരിത്രവിജയം തന്നെ. ശ്രീമതി ഹിലരി ക്ലിന്റൺ ജയിച്ചിരുന്നെങ്കിൽ, 240ൽപ്പരം വർഷങ്ങൾ പഴക്കമുള്ള ജനാധിപത്യരാജ്യത്ത് ഒരു വനിത ആദ്യമായി പ്രസിഡന്റുപദത്തിന് അർഹയാകുമായിരുന്നു. ട്രംപു ജയിച്ചതിനാൽ ആദ്യമായി യാതൊരു വിധ രാഷ്ട്രീയപാരമ്പര്യമോ, ഭരണകൂടവുമായി ഏഴയലത്തു പോലുമുള്ള പരിചയമോ ഇല്ലാത്തൊരു ധനാഢ്യൻ എല്ലാ 'പോൾ' പ്രവചനങ്ങളേയും തകിടം മറിച്ചു ജയിച്ച ആദ്യത്തെ രാഷ്ട്രത്തലവൻ എന്ന ചരിത്രവിജയത്തിന് അർഹനായി.

2008ലെ തിരഞ്ഞെടുപ്പിലും ചരിത്രത്തിലാദ്യത്തേത് എന്ന സ്ഥാനം പിടിക്കാനുള്ള വകയുണ്ടായിരുന്നു. കാരണം, അന്നത്തെ കടുത്ത മത്സരം ഒരേ പാർട്ടിയിൽ നിന്നുള്ള ബരാക്ക് ഒബാമയും ഹിലരി ക്ലിന്റണും തമ്മിലായിരുന്നല്ലോ. ഒബാമ ജയിച്ചതുകൊണ്ട്, ചരിത്രത്തിലാദ്യമായി ഒരു കറുത്ത വംശജൻ രാഷ്ട്രത്തലവനായി. 'ധവളസൗധം' കെട്ടിപ്പടുക്കുവാൻ ധാരാളം കറുത്ത വംശജരായ ജോലിക്കാരെ ഉപയോഗിച്ചിരുന്നല്ലോ. അതേ സൗധത്തിൽ വസിക്കാനും, ഒപ്പം ലോകത്തിലെ തന്നെ വൻശക്തിയായ അമേരിക്കൻ ഐക്യനാടുകളുടെ അധിപനാകാനും ഒത്തത് ഒരു കെട്ടുപിണഞ്ഞ വിധിവൈപരീത്യത്തിന്റെ നിയോഗം തന്നെ.

ഇതിനെല്ലാം പുറമെ, 1829നു ശേഷം വിദേശത്തു ജനിച്ചൊരു മഹിളയ്ക്ക് (മെലാനിയ: സ്ലൊവേനിയൻ വംശജ) പ്രഥമവനിതയായി വിലസാൻ അമേരിക്കയിലല്ലാതെ മറ്റേതു രാജ്യത്തു സാധിയ്ക്കും? 1825 മുതൽ 1829 വരെ അമേരിക്കയുടെ ആറാമത്തെ രാഷ്ട്രത്തലവനായിരുന്ന ക്വിൻസി ആഡംസിന്റെ ഭാര്യ ലൂയിസ (ബ്രിട്ടീഷ് വംശജ) മാത്രമായിരുന്നു വിദേശജാതയായ മറ്റൊരു പ്രഥമവനിത. ഭാരതത്തിൽ ഒരു വിദേശവനിത യായിരുന്ന ശ്രീമതി സോണിയാ ഗാന്ധിയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പാർട്ടിയുടെ അദ്ധ്യക്ഷയാവാൻ (അതും ദീർഘകാലത്തോളം) സാധിച്ചെങ്കിലും, പ്രധാനമന്ത്രിപദം കൈയെത്തിപ്പിടിക്കാവുന്നത്ര സമീപത്തെത്തിയിട്ടും അപ്രാപ്യമായിപ്പോയി.

വിവാദങ്ങളുടെ തോഴനാവുകയെന്നതു ശ്രീമാൻ ട്രംപിനു ഹരമാണ്. കടുംപിടിത്തങ്ങളും വ്യക്തിഹത്യയും കുറ്റാരോപണങ്ങളും ശാരീരികചേഷ്ടകളും ക്രൂസലില്ലായ്മയും എതിരാളികൾക്ക് ഒരു വെറും താക്കീതിനു വേണ്ടിയുള്ള തന്ത്രമാണോ എന്നുള്ളത് ആർക്കും പ്രവചിക്കാൻ പറ്റാത്ത ട്രംപിയൻ സവിശേഷതയാണ്. എതിരാളികളോട് അദ്ദേഹത്തിനുള്ള അസഹിഷ്ണുത തിരഞ്ഞെടുപ്പിന്റെ പ്രചരണാരംഭം മുതൽ അവസാനം വരെ നാം കണ്ടുകഴിഞ്ഞു. കൂടാതെ, അദ്ദേഹത്തിന്റെ പ്രഥമ വാർത്താസമ്മേളനത്തിൽത്തന്നെ തന്നെ അനുകൂലിക്കാത്ത മാദ്ധ്യമത്തിന്റെ പ്രതിനിധിയ്ക്കു ചോദ്യമുന്നയിക്കാനുള്ള അവകാശം പോലും നിഷേധിച്ച നിയുക്തരാഷ്ട്രത്തലവന്റെ കാർക്കശ്യം, ആജ്ഞാശക്തി എന്നിവ പലരുടേയും നെറ്റി ചുളിപ്പിക്കാൻ പര്യാപ്തമാണ്. ഏറ്റവുമടുത്തു നടന്ന വിവാദം ഹോളിവുഡ് പ്രശസ്തതാരം മെറിൽ സ്ട്രീപ്പുമായി ഉണ്ടായതാണ്.

പ്രതിപക്ഷക്കാരുടേയും, തന്നെ പ്രതികൂലിക്കുന്നവരുടേയും അഭിപ്രായങ്ങൾ കേൾക്കാൻ പോലും വിസമ്മതിക്കുന്നത് ഒരു ജനായത്തരാജ്യത്തിന്റെ രാഷ്ട്രത്തലവനും ജനായത്തരീതിക്കും ഉചിതമോ?

ഇങ്ങനെയൊക്കെയാണെങ്കിലും, തന്നോടു മത്സരിച്ച ഡോ. ബെൻ കാർസനേയും റിക് പെറിയേയും ക്യാബിനറ്റിലെടുക്കുക വഴി ട്രംപ് അനുനയത്തിന്റേയും സമവായത്തിന്റേയും പാതയിലേക്കു നീങ്ങാനുള്ള സന്നദ്ധത കാണിക്കുന്നുണ്ട്, ഒബാമ പ്രസിഡന്റായപ്പോൾ തന്റെ മുൻ എതിരാളിയെ വിദേശനയത്തിന്റെ ഭരണം ഏല്പിച്ചതുപോലെ.

ഇന്ന് ആഗോളതലത്തിൽ കണ്ടുവരുന്നൊരു പ്രതിഭാസമാണ് അസ്സൽ നേതൃദാരിദ്ര്യം. രാഷ്ട്രമീമാംസയിലുള്ള നിപുണത, ധർമ്മനിഷ്ഠ, സത്യാചരണം, ജനമേന്മയ്ക്കുള്ള കർമ്മോത്സുകത, സാർവലൗകികസാഹോദര്യം, ദയ, ക്ഷമ എന്നീ ഗുണങ്ങൾ തൊട്ടുതീണ്ടാത്തവരാണ് ഇന്നു പല രാജ്യങ്ങളിലേയും തലപ്പത്തിരിക്കുന്നത്. സമൂഹത്തിൽ എപ്പോഴെല്ലാം ധർമ്മച്യുതി ഉണ്ടാവുന്നുവോ അപ്പോഴെല്ലാം ധർമ്മം പുനസ്ഥാപിക്കാൻ ഭഗവാൻ അവതാരമെടുക്കാറുണ്ടെന്നു 'ഭഗവദ്ഗീത'യിൽ പറയുന്നുണ്ട്.

'യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം'

സത്വഗുണങ്ങളില്ലാത്ത രാഷ്ട്രത്തലവന്മാർ കലികാലതേജസ്സിന്റെ സൃഷ്ടികളാകുമോ? ഏതായാലും ശീട്ടുകളിയിലെ നിയമം തുരുപ്പ് ആവശ്യത്തിനേ ഉപയോഗിക്കാവൂ എന്നാണ്. അനാവശ്യമായി ഉപയോഗിച്ചാൽ അതു തനിക്കും പങ്കാളികൾക്കും വിനയായി മാറും. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അമേരിക്കൻ ഐക്യനാടുകളുടെ നാല്പത്തഞ്ചാമത്തെ

രാഷ്ട്രത്തലവനാകാൻ പോകുന്ന ഡോണൾഡ് ട്രംപിനും രാഷ്ട്രത്തിനും എല്ലാ ഐശ്വര്യങ്ങളും നേരുന്നു.

ശുഭം

---